# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T.1409 | 02.07.2015- ലെ മറുപടിക്ക്

### സഹകരണ,സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ഫണ്ട് മാത്രം ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയില്ലെന്ന് കരുതുന്നുണ്ടോ; സഹകരണ, സ്വകാര്യ മേഖലകളിൽ നിക്ഷേപം വളർത്തിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) ഉണ്ട്. സർക്കാർ ഫണ്ടിനു പുറമേ മറ്റു സ്രോതസ്സുകളിലെ ഫണ്ടും വികസനപ്രവർത്തനങ്ങൾക്ക് മൂലധനം കണ്ടുപിടിക്കാൻ സഹായിക്കുന്നതാണ്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ വിവിധ തലങ്ങളിൽ നിക്ഷേപ സൗഹൃദ സംഗമങ്ങൾ നടത്തിവരുന്നു |
| (ബി) സർക്കാറിതരനിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുമ്പോൾ തന്നെ സഹകരണ മേഖലയിൽ ഉയർന്നുവന്ന പരിയാരം,കൊച്ചി മെഡിക്കൽ കോളേജുകളെ ഏറ്റെടുക്കാൻ തീരുമാനിച്ചതുവഴി, നിക്ഷേപകർക്ക് നൽകുന്ന സന്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) ആരോഗ്യമേഖലയ്ക്ക് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. |
| (സി) സർക്കാർ ഇതര മേഖലകളിൽ വളർന്നുവരുന്ന ഏതെല്ലാം സ്ഥാപനങ്ങളെ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നു;നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയെ സർക്കാറിന്റെ പൂർണ്ണ അധീനതയിലാക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) തീരുമാനമായിട്ടില്ല. നെടുമ്പാശ്ശേരി വിമാനത്താവളത്തിനെ സർക്കാരിന്റെ പൂർണ്ണ അധീനതയിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.